On this International Women's Day, we celebrate not just achievement, but resilience, dedication, and the quiet strength that shapes an inspiring life.

Today, our Talented Banker of the Week is a remarkable woman whose journey reflects courage, commitment, and creativity in equal measure.

Bindu S R
State Bank of India
Local Head Office
Thiruvananthapuram

Born to Sreedeviamma M, a retired Higher Secondary School Teacher, and Late K. A. Radhakrishnapillai, a Sub-Registrar, she is the third daughter in a family of three sisters. Her elder sisters are Sindhu S R and Indu S R. Life changed profoundly when she lost her father at the tender age of three, a loss that quietly reshaped her childhood. From that moment on, her mother became her entire world— guiding, protecting and nurturing her daughters with unwavering love, quiet strength, steadfast discipline and values. Single-handedly carrying the responsibility of their upbringing and education, her mother stood as their backbone, mentor, and constant source of inspiration. The confidence, resilience, and values that define Bindu today are deeply rooted in her mother's sacrifices and unconditional encouragement. Bindu's words reflect the deep affection and gratitude she feels for her mother.

Her educational journey began at Government Lower Primary School Keerikkad, Ramapuram, where she studied upto her 4th grade. Then she did her schooling from 5th grade to 10th grade from Government Higher Secondary School, Ramapuram, and went on to complete her 12th grade from Government Girls Higher Secondary School. She later pursued B. Com under Kerala University (private registration), began M. Com at MSM College, Kayamkulam which she could not complete because she got selected in the State Bank of India while pursuing her **M.Com.** Ultimately, she completed her MBA in Financial Management from MG University (Off-Campus)—balancing academics with professional responsibility.

She was a consistent school topper during her studies. She also participated and won prizes in quiz competitions. Though she nurtured a quiet love for music and drawing during school days, circumstances did not permit her formal training then.

Her banking journey commenced on 5th January 2009, when she joined the State Bank of India as an Associate while still pursuing her **M.Com.** (This is when I realize! We are batchmates 😊) Her first posting was at SBI Civil Station Branch, Alappuzha, followed by varied tenures across several branches and offices of State Bank of India including:

SARB, Thiruvananthapuram
SBI Ambalapuzha
SBI Haripad Town
SBI Kareelakulangara
SBI Kayamkulam
SBI Haripad Main Branch
SBI Local Head Office, Thiruvananthapuram where she continues now.

Through each role, the Bank provided continuous support, exposure, and opportunities for professional growth, strengthening her journey as a committed banker.
A proud artistic milestone came on a Bank Day – 1 July 2024, when two of her paintings were displayed in an art exhibition organized by the bank, revealing the creative spirit in her that quietly flourished alongside her professional excellence.

For her, banking is more than a profession—it is a space of stability, responsibility, learning, and service, and she carries immense pride in being a part of the State Bank of India family.

Beyond the workplace, she is supported by a loving family:
Her husband, Praveen B, serves as a Section Officer in the Government Secretariat, and her son, Pranav P, studies in 7th standard at Christ Nagar School, Kowdiar—together forming the circle that sustains her strength and wholly supports her in nurturing her creative pursuits and her professional growth. Her sisters are both housewives, and the eldest one writes poems and is pursuing Kerala Mural Art. The creative nature definitely runs in the family.

Since 2015, she has consciously returned to her creative passions.
Over the past few years, she has been actively learning drawing, music, painting, macramé, and diverse creative expressions, along with a deep curiosity for India's folk and tribal art traditions—a beautiful reminder that learning never stops, and passion only grows with time.

Though she speaks little about herself, her Facebook ID speaks volumes on her behalf. Her versatility is evident from the way she describes herself – a banker, artist, macramé artist, psychology enthusiast, spiritual explorer and a melophile all-in-one! Her works may be viewed by visiting her @wingsofknots. Bindu aptly describes what about macramé art attracts her – in her own words, "Every knot is a little piece of patience,passion, and joy woven together."

She has recently launched her new Youtube channel, Wings Of Lines. She is also a poet at heart who pens soulful lines with ease. She thus quietly weaves her way into creative colours and soars high, strengthening her wings as she moves…

Bindu is a strong pillar that supports and sustains our TB venture, 'Ka Kavitha Kavyadhwani' introducing the poets and their poems to our members – she writes, recites, edits the videos – anything you ask – she has the answer!

Her story is not one of sudden spotlight, but of steady perseverance, silent dreams, and graceful determination.
She represents countless women who balance family, profession, and personal aspirations with dignity and strength.

On this International Women's Day, we celebrate her not only as a dedicated banker, but as a resilient daughter, nurturing mother, supportive partner, and evolving artist—a true inspiration within the SBI family and beyond who enjoys every single moment of her life.

Saluting the spirit of a woman who proves that strength can be gentle, and success can be graceful. We wish her the very best in her artistic endeavors.

-----------------------------------------------------------------------------------------------

Original English article : Arya Gayathry, State Bank of India, RBO Pathanamthitta

മലയാളം പരിഭാഷ : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

-----------------------------------------------------------------------------------------------

സുദൃഢമായൊരു കലാസപര്യയിലുടനീളം തികവാർന്ന ആത്മ സമർപ്പണവുമായി ജീവിതമൂല്യങ്ങൾക്കർത്ഥവും പൊലിമയുമിയറ്റുന്ന ഒരു ബാങ്കർ.

ഈ വനിതാ ദിനത്തോടനുബന്ധിച്ച വാരത്തിൽ സഹർഷം അവതരിപ്പിക്കുന്ന ദളം

ബിന്ദു.എസ്. ആർ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം.

ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപികയായി വിരമിച്ച ശ്രീമതി. എം. ശ്രീദേവിയമ്മ- സബ്-രജിസ്ട്രാറായിരുന്ന, പരേതനായ കെ.എ. രാധാകൃഷ്ണപിള്ള ദമ്പതികളുടെ മൂന്നു പെൺമക്കളിൽ ഏറ്റവും ഇളയ കുട്ടിയായ ബിന്ദുവിന് കൂട്ടായി സിന്ധു, ഇന്ദു എന്ന രണ്ടു സഹോദരിമാരും ചേർന്നിമ്പമായ കുടുംബം.

തന്റെ മൂന്നാംവയസ്സിലായിരുന്നു, പിതാവിന്റെ അകാലവിയോഗം!

അമ്മയുടെതണലിൽ വീണ്ടെടുത്ത ജീവിത പന്ഥാവിലൂടെ മൂന്നു പെൺകുരുന്നുകളും വളർന്നു. അമ്മ അവരുടെ താങ്ങായി തണലായി, ഉണർവിന്റെ ശക്തിയായി, തെളിമയുടെ സ്രോതസായി, ജീവിതമൂല്യങ്ങളുടെ പാഠശാലയായി സ്വയം രൂപപ്പെടുകയായിരുന്നു- ബിന്ദു തന്റെ സ്ഥൈര്യത്തിന്റെ ജീവിതമൂല്യങ്ങളുടെ ദർശന സൗഭാഗ്യമായി അമ്മയെ മനസ്സിൽ പ്രതിഷ്ഠിക്കുന്നു. മൂന്നുപേരുടേയും സർവതോന്മുഖമായ ഉന്നമനത്തിനായി ഉണ്മ പകർന്ന അമ്മയുടെ ത്യാഗോജ്വലമായ സമർപ്പിത ജീവിതപാഠങ്ങൾ ബിന്ദുവിന്റെ ഓരോ വാക്കിലും തുടി കൊള്ളുന്നു.

രാമപുരം കീരിക്കാട് സർക്കാർ ലോവർ പ്രൈമറി സ്കൂളിൽ നാലാം ക്ലാസ് വരെയുള്ള പഠനശേഷം രാമപുരം സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, സർക്കാർ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയിലെ പഠന കാലം നല്കിയ പ്ലസ്ടൂ വിജയവുമായി കേരള സർവകലാശാലയിൽ നിന്ന് പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ B.Com ബിരുദധാരിയായി. തുടർന്ന് കായംകുളം MSM കോളേജിൽ M.Com പഠനം പൂർണ്ണമാകുന്നതിനു മുമ്പുതന്നെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അസോസിയേറ്റായി നിയമനം ലഭിക്കുകയും ചെയ്തു.

ജോലി സ്വീകരിച്ചശേഷം ബിസിനസ്സ് മാനേജ്മെന്റിൽ മാസ്റ്റർ ബിരുദം നേടുകയും ചെയ്തു.

പഠനകാലത്ത് സ്ഥിരതയോടെ ഉന്നതസ്ഥാനത്തോടൊപ്പം ക്വിസ് മത്സരങ്ങളിൽ സമ്മാനിതയായും തിളങ്ങിയിരുന്നു. ചിത്രരചനയും സംഗീതവും മനസ്സിലേറ്റിയെങ്കിലും കൃത്യമായ പരിശീലന പാഠങ്ങളുടെ അഭാവം നിഴലിച്ചിരുന്നക്കാലത്ത്.

ഇന്ന്, സ്വപരിശ്രമത്തിലൂടെ പുതുവഴികൾ കണ്ടെത്തി പരിശീലിക്കുന്ന ബിന്ദുവിന്റെ സർഗ്ഗവൈഭവം അനന്യമാണ്. 2009 ജനുവരി 5 ന് SBI ആലപ്പുഴ സിവിൽ സ്റ്റേഷൻ ബ്രാഞ്ചിൽനിന്ന് തുടക്കം കുറിച്ച്, SARB തിരുവനന്തപുരം, ഹരിപ്പാട് ടൗൺ, കരീക്കുളങ്ങര, കായംകുളം, ഹരിപ്പാട് മെയിൻ ബ്രാഞ്ച് എന്നിവിടങ്ങളിലെ സേവന ശേഷം തിരുവനന്തപുരം LHO യിലെത്തിയിരിക്കുന്നു, ഔദ്യോഗിക യാത്ര.

ഈ യാത്രയിലുടനീളം തന്റെ സർഗ്ഗവൈഭവം പരിപോഷിപ്പിക്കുവാനും ബിന്ദു സമയം കണ്ടെത്തി. 2024 ജൂലൈ ഒന്നിന് ബാങ്ക് ഡേയിൽ ബാങ്കിന്റെ ആർട്ട് എക്സിബിഷനിൽ തന്റെ രണ്ട് കലാസൃഷ്ടികൾ പ്രദർശിപ്പിക്കാൻ സാധിച്ചത് തന്റെ കലാസപര്യയുടെ തിളക്കമാർന്ന നാഴികക്കല്ലായി മാറി. തൊഴിൽരംഗത്തിലെ ആത്മസമർപ്പണത്തോടൊപ്പം കലാനിപുണതയുടെ പരിപോഷണവും ചേർന്ന് ദീപ്തമായ ജീവിതചര്യയിൽ ബിന്ദുവിന്റെ വാക്കുകൾക്ക് കൃതാർത്ഥതയുടെ തിളക്കം.

ഉള്ളിലുറങ്ങിയ കലാവാസനകളെ തൊട്ടറിഞ്ഞ്, തന്റെ സർഗ്ഗാത്മകശേഷിയെ പരിപോഷിപ്പിക്കുവാൻ കഴിഞ്ഞ ഒരു ദശാബ്ദമായി പരിശ്രമിക്കുകയാണ് ബിന്ദു. ചിത്രരചന, പെയിന്റിംഗ്, സംഗീതം, 'മാക്രമി' എന്ന സവിശേഷ വസ്ത്രാലങ്കര നിർമിതി മുതൽ, ഇന്ത്യൻ നാടോടി നൃത്തകലകളിലും ഗോത്രകലകളിലും വരെ എത്തി നില്ക്കുന്നു ബിന്ദുവിന്റെ കലാഭിനിവേശയാത്ര. ഇതിനെല്ലാം പുറമെ മന:ശാസ്ത്ര-ആദ്ധ്യാത്മിക വഴികളിലൂടെയുമുള്ള ബിന്ദുവിന്റെ കൗതുകക്കാഴ്ചകൾ ക്യാൻവാസുകളിൽ നിറയുന്നു. @Wingsofknots എന്ന സ്വന്തം ഫെയ്സ്ബുക് പേജിൽ തെളിയുന്നു, ബിന്ദുവിന്റെ 'മാക്രമി' കലാ വൈഭവം. "തുണിയിൽവിടരുമോരോ കെട്ടിലും കോർത്തിണക്കുന്നതെന്റെ സഹനവും, ആശയാഭിലാഷങ്ങളും കുഞ്ഞു സന്തോഷങ്ങളു"മെന്ന പ്രസ്താവം അന്വർത്ഥമാവുന്നുണ്ടിവിടെ. Wings of Lines എന്ന യുട്യൂബ് ചാനലിൽ കവിതയായും ചിറകടിക്കുന്ന ചിന്താസരണിയുടെ മർമ്മരങ്ങൾനിറയുന്നു. ടാലന്റ്ഡ് ബാങ്കേഴ്സിന്റെ പേജിൽ ബിന്ദുവിന്റെ ചിത്രരചനകളുടെ നീണ്ട നിര ദർശിക്കാം.

"ക കവിത കാവ്യധ്വനി' എന്ന പ്രതിവാര കവിതാ പംക്തിയിൽ ബിന്ദുവിന്റെ കവിത രചനാ, ആലാപന, വിശകലന, എഡിറ്റിംഗ് നൈപുണ്യം തെളിമയോടെ നിറയുന്നു.

ഒരു നാളിൽ പൊടുന്നനെ വിടർന്നതല്ലീ വർണ്ണരാജികൾ, ശാന്തസുന്ദരസ്വപ്നങ്ങളുടെ ചാരുതയേറിയ ലക്ഷ്യപ്രാപ്തിയിലേക്കുള്ള പരിശ്രമംകൊണ്ട് ബിന്ദുവിന്റെ സൃഷ്ടികൾ പുതു മാതൃകകളായി മാറുന്നു.

കേരള സർക്കാർ സെക്രട്ടേറിയറ്റിൽ സെക്ഷൻ ഓഫീസറായി ജോലി നോക്കുന്ന ശ്രീ.ബി. പ്രവീൺ ജീവിത പങ്കാളിയായി ബിന്ദുവിന്റെ കലാസപര്യക്ക് തുണയാവുന്നു.

കവടിയാർ ക്രൈസ്റ്റ് നഗർ സ്കൂളിൽ ഏഴാം സ്റ്റാന്റേർഡിൽ പഠിക്കുന്ന മകൻ പ്രണവും ചേർന്ന കുടുംബം ബിന്ദുവിന്റെ സർഗ്ഗ സരണിയിൽ വെട്ടം വിതറുന്നു. വീട്ടമ്മമാരായ സിന്ധു-ഇന്ദു ജ്യേഷ്ഠസഹോദരിമാരും കലോപാസകരാണ്. മുതിർന്ന സഹോദരി കവിതാരചനയിലും മ്യൂറൽ ചിത്രരചനാ രംഗത്തും തിളങ്ങുന്നു.

അമ്മയുടെ കരുതലിൽ വിടർന്ന ജീവിത ദർശനം വിളങ്ങുമിടം.

ഈ വനിതാ ദിനത്തിൽ ബിന്ദുവിനും കൂടുംബത്തിനും ഊഷ്മളമായ അഭിവാദ്യങ്ങൾ അർപ്പിച്ചു കൊണ്ട്,

ടാലന്റഡ് ബാങ്കേഴ്സ്.